"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ മറ്റൂരിൽ വോൾട്ട് ടൈപ്പ് ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.20783/2020 & WP(C) No.21684/2020 കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 16.12.2024 ലെ പൊതുവിധിന്യായത്തിനെതിരായി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA.No. 1157/2025 & WA.No. 205/2025 ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 20/05/2025 ലെ പൊതു വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2726/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. കാലടി മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ച് വികാരി 19.03.2014 ൽ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷ
2. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 22.07.2014 ലെ റിപ്പോർട്ട്
3. എറണാകുളം ജില്ലാ കളക്ടറുടെ 13.09.2016 ലെ ഡി.ഡിസ് 48746/08/എം5 നമ്പർ നടപടിക്രമം
4. ഫോർട്ട് കൊച്ചി സബ് കളക്ടറുടെ 22/11/2019 ലെ K1-7994/2017/K-Dis നടപടിക്രമം
5. കാലടി മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ച് വികാരി ഫാ.ജോസ് പൂവന്നിക്കുന്നേൽ 14.01.2020 ന് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
6. എറണാകുളം ജില്ലാ കളക്ടറുടെ 26.02.2020 ലെ DCEKM/11532/2019-M5 നമ്പർ കത്ത്
7. 12.08.2020 ലെ G.O.(Rt) No.1502/2020/LSGD നമ്പർ സർക്കാർ ഉത്തരവ്
8. എറണാകുളം ജില്ലാ കളക്ടറുടെ 24/09/2020 ലെ നടപടിക്രമം
9. ശ്രീ അശോകൻ വി.സി മുതൽ പേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.20783/2020 നമ്പർ കേസ്

10. ശ്രീനാരായണ ഗുരുദേവ ജ്ഞാനേശ്വര ക്ഷേത്ര കമ്മിറ്റി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 21684/2020 നമ്പർ കേസ്

11. WP(C) No.20783/2020 & WP(C)No. 21684/2020 എന്നീ കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 16.12.2024 ലെ പൊതു വിധിന്യായം

12. ബഹു.ഹൈക്കോടതിയുടെ 16.12.2024 ലെ പൊതു വിധിന്യായത്തിനെതിരെ ശ്രീ. അശോകൻ.വി.സി മുതൽ പേർ ചേർന്ന് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA No. 205/2025 നമ്പർ റിട്ട് അപ്പീൽ

13. ബഹു.ഹൈക്കോടതിയുടെ 16.12.2024 ലെ പൊതു വിധിന്യായത്തിനെതിരെ ശ്രീനാരായണ ഗുരുദേവ ജ്ഞാനേശ്വര ക്ഷേത്ര കമ്മിറ്റി WA No. 1157/2025 നമ്പർ റിട്ട് അപ്പീൽ

14. WA No. 205/2025 & WA No. 1157/2025 എന്നിവയിന്മേൽ ബഹു.ഹൈക്കോടതിയുടെ 20.05.2025 ലെ പൊതു വിധിന്യായം

15. 26.06.2025 ലെ എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ 476/TD/25-K നമ്പർ കത്ത്

16. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 03.07.2025 & 26.07.2025 എന്നീ തീയതികളിലെ പിസിബി/ഇകെഎം/ഡിഒ-1/ജിഇഎൻ-06/15 നമ്പർ റിപ്പോർട്ട്

17. മറ്റൂർ വില്ലേജ് ഓഫീസറുടെ 01..11.2025 ലെ VLGMTR/204/2025-VO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ മറ്റൂർ വില്ലേജിലെ റീ -സർവ്വേ 428/5 — ലെ 44 ച. മീറ്റർ സ്ഥലത്ത് കോൺക്രീറ്റ് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കാലടി മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ച് വികാരി പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി ഭൂമി 'നിലം' വിഭാഗത്തിൽപ്പെടുന്നതിനാൽ എറണാകുളം ജില്ലാ കളക്ടറുടെ പരാമർശം (3)

നടപടിക്രമം പ്രകാരം ശ്മശാന നിർമ്മാണത്തിനായുള്ള അനുമതി നിഷേധിച്ചിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം സെമിത്തേരി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മറ്റൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 27- ൽ റീസർവ്വേ നമ്പർ 428/5 — ൽപ്പെട്ട 9.40 ആർ ഭൂമി കേരള ഭൂവിനിയോഗ നിയമപ്രകാരം കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമിയിൽ കോൺക്രീറ്റ് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷ പുന:പരിശോധിക്കാൻ നിർവ്വാഹമില്ലെന്ന് എറണാകുളം ജില്ലാ കളക്ടർ അപേക്ഷകരെ അറിയിക്കുകയും തുടർന്ന് ഇതിനെതിരെ പരാമർശം (5) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീൽ അപേക്ഷയിൽ 26/02/2020 ലെ എറണാകുളം ജില്ലാ കളക്ടറുടെയും 16/03/2020 ലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ചിന് കോൺക്രീറ്റ് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കി പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ സെമിത്തേരി നിർമ്മിക്കുന്നതിന് മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ചിന് ലൈസൻസ് നൽകുകയുണ്ടായി.

2) എന്നാൽ ടി സെമിത്തേരി നിർമ്മാണത്തിന് അനുമതി നൽകിയതിനെതിരെ ശ്രീ. അശോകൻ വി.സി മുതൽ പേർ ചേർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ പരാമർശം (9) പ്രകാരമുള്ള കേസും ശ്രീനാരായണ ഗുരുദേവ ജ്ഞാനേശ്വര ക്ഷേത്ര കമ്മിറ്റി പരാമർശം (10) പ്രകാരമുള്ള കേസുകൾ ഫയൽ ചെയ്തു. മേൽ കേസുകളിന്മേൽ ബഹു.ഹൈക്കോടതിയുടെ പരാമർശം (11) പ്രകാരമുള്ള പൊതു വിധിന്യായത്തിൽ മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ചിന് കോൺക്രീറ്റ് വോൾട്ട് രീതിയിലുള്ള സെമിത്തേരി നിർമ്മിയ്ക്കുന്നതിന് അനുമതി നൽകിയ തീരുമാനം ശരിവച്ചു. ആയതിനെതിരെ പരാമർശം (12) & (13) പ്രകാരമുള്ള അപ്പീലുകൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു. ആയതിന്മേൽ ബഹു.ഹൈക്കോടതിയുടെ പരാമർശം (14) പ്രകാരമുള്ള പൊതു വിധിന്യായത്തിൽ ശ്മശാനം നിർമ്മിക്കാൻ അനുമതി നൽകിയ ഉത്തരവുകൾ മരവിപ്പിക്കുകയും, സർക്കാർ രണ്ട് മാസത്തിനുള്ളിൽ ഹിയറിങ് നടത്തി മേൽ വിഷയത്തിൽ തീരുമാനമെടുക്കാനും അതുവരെ തൽസ്ഥിതി നിലനിർത്താനും നിർദ്ദേശിച്ചു.
അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി 27.06.2025-ന് ഹർജിക്കാരെയും എതിർ കക്ഷികളെയും നേരിൽ കേൾക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടന്ന ഹിയറിംഗിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പോലീസ് മേധാവി, വില്ലേജ് ഓഫീസർ, ഗ്രാമപഞ്ചായത്ത് എന്നിവരുടെ പ്രതിനിധികളും സെന്റ് മേരീസ് ചർച്ച് പ്രതിനിധികളും, അഡ്വക്കേറ്റും ഹാജരായി. ജില്ലാകളക്ടറുടെ പ്രതിനിധി ഓൺലൈൻ ആയി പങ്കെടുത്തു. പരാതിക്കാരും പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധികളും ഹാജരായില്ല തുടർന്ന് 04.07.2025-ന് അനുവദിച്ച ഹിയറിംഗിൽ പരാതിക്കാരും പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധികൾ ഓൺലൈനായും പങ്കെടുത്തു.

ഹിയറിങ് നടപടികൾ :-

i) ആലുവ താലൂക്കിൽ മറ്റൂർ വില്ലേജിൽ റിസർവേ നമ്പർ 428/5-ൽ ഉൾപ്പെട്ട 44.സ്ക്വയർ മീറ്റർ ഉള്ള പ്രോപ്പർട്ടിയിൽ സെമിത്തേരി നിർമ്മിക്കുന്നതിന് ലൈസൻസ് നൽകണമെന്ന് കാണിച്ച്

കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകിയെങ്കിലും 'നിലം' വിഭാഗത്തിൽപ്പെടുന്നതിനാൽ എറണാകുളം ജില്ലാകളക്ടർ അനുമതി നിഷേധിച്ചിരുന്നു. എന്നാൽ തുടർന്ന് 22/11/2019 കൊച്ചി ആർ.ഡി.ഒയുടെ നടപടിക്രമം പ്രകാരം, സെമിത്തേരി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മറ്റൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 27-ൽ റീസർവ്വേ നമ്പർ 428/5-ൽപ്പെട്ട 9.40 ആർ ഭൂമി കേരള ഭൂവിനിയോഗ നിയമപ്രകാരം കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുവാദം നൽകി ഉത്തരവായിരുന്നുവെങ്കിലും ടി ഭൂമിയിൽ കോൺക്രീറ്റ് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും സമർപ്പിച്ച അപേക്ഷ, പുന:പരിശോധിക്കാൻ നിർവ്വാഹമില്ലെന്ന് എറണാകുളം ജില്ലാകളക്ടർ അറിയിച്ചതിനാൽ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും പരാമർശം (7) പ്രകാരം ജില്ലാ കളക്ടർക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ടി സെമിത്തേരിയുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ച് പ്രതിനിധികൾ ഹിയറിംഗ് വേളയിൽ ഇപ്രകാരം അറിയിച്ചു.

ii) നിർദ്ദിഷ്ട ശ്മശാന നിർമ്മാണത്തിനായി കളക്ടേറ്റിൽ അപേക്ഷ ലഭ്യമായിരുന്നതും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും നേരിൽ കേട്ട് സമീപവാസികളിൽ നിന്നും വിവിധ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ കക്ഷികളേയും നേരിൽ കേട്ടപ്പോൾ ശ്മശാന നിർമ്മാണത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥലം താഴ്ന്ന വെള്ളക്കെട്ടുള്ള സ്ഥലമാണെന്നും, ജനനിബിഡമായ പ്രദേശമാണെന്നും, ടി സ്ഥലം 'നിലം' വിഭാഗത്തിൽ പെടുന്നതാണെന്നും, അതിനാൽ ഇവിടെ ശ്മശാന നിർമ്മാണത്തിന് അനുമതി നൽകിയാൽ അത് ഭാവിയിൽ വലിയ പാരിസ്ഥിതിക - ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും, സാമുദായിക സൗഹൃദ അന്തരീക്ഷം തകർക്കുമെന്നും എതിർ കക്ഷികൾ വിചാരണ വേളയിൽ അറിയിച്ചതിനാലും, റവന്യൂ ഡിവിഷണൽ ഓഫീസറുടെ റിപ്പോർട്ടിനോടൊപ്പമുള്ള സ്കെച്ച് പ്രകാരം ശ്മശാനം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വടക്ക് ഭാഗത്ത് 38.9 മീറ്റർ മാറി ശ്രീ നാരായണ ഗുരുദേവ ജ്ഞാനേശ്വര ക്ഷേത്രവും ഏറ്റവും അടുത്ത വാസഗൃഹം 33.8 മീറ്റർ പടിഞ്ഞാറ് മാറിയാണെന്നും റിപ്പോർട്ട് ചെയ്തിരുന്നുവെന്നും ബി.റ്റി.ആർ പ്രകാരവും ടി ഭൂമി 'നിലം' വിഭാഗത്തിൽപെടുന്നതാണെന്നും കണ്ടെത്തിയിരുന്നതിനാലാണ് ശ്മശാന നിർമ്മാണത്തിന് അനുമതി നിഷേധിച്ച് ഉത്തരവ് നൽകിയിരുന്നതെന്നും തുടർന്ന് സർക്കാരിൽ നിന്ന് പരാമർശം (7) പ്രകാരമുള്ള സർക്കാർ ഉത്തരവ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം വാൾട്ട് സെമിത്തേരിയ്ക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളതെന്നറിയിച്ചു.

iii) ഫോർട്ട് കൊച്ചി സബ് കളക്ടറുടെ ഉത്തരവ് പ്രകാരം, സെമിത്തേരി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മറ്റൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 27 ൽ റീസർവ്വേ നമ്പർ 428/5 ൽപ്പെട്ട 9.40 ആർ ഭൂമി കേരള ഭൂവിനിയോഗ നിയമപ്രകാരം കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുവാദം നൽകി ഉത്തരവായിട്ടുള്ളതായും 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം സ്ഥല പരിശോധന നടത്തിയതിൽ വോൾട്ട് ടൈപ്പ് സെമിത്തേരി സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ ഒന്നും തന്നെയില്ലായെന്നും അതിനാൽ ഫോർട്ട് കൊച്ചി ആർ.ഡി.ഒയുടെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മറ്റൂർ വില്ലേജിലെ റീസർവ്വേ നമ്പർ 428/5 ൽ പ്പെട്ട 9.40 ആർ സ്ഥലത്ത് മറ്റൂർ സെന്റ് മേരീസ് ചർച്ചിന് ഒരു വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും

വിധേയമായി നൽകാവുന്നതാണെന്ന് കാലടി പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി.

**iv)** ജനവാസ ഗൃഹങ്ങളുടെ 50 മീറ്റർ പരിധിയ്ക്കുള്ളിൽ ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ പുതിയതായി ഏർപ്പെടുത്താൻ പാടില്ലാത്തതാകുന്നു. എന്നാൽ കോൺക്രീറ്റ് കല്ലറകളുടേയും വൈദ്യുത ക്രിമറ്റോറിയങ്ങളുടേയും സംഗതിയിൽ ജനവാസഗൃഹങ്ങളിൽ നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതും, 2.5 മീറ്ററിൽ കുറയാത്ത ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിച്ചിരിയ്ക്കണമെന്നും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കണമെന്നുമാണ് നിലവിലെ ചട്ടം നിഷ്കർഷിച്ചിരിക്കുന്നതെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി.

v) നിലവിൽ മറ്റൂർ സെൻറ് മേരീസ് ടൗൺ ചർച്ചിൽ Vault Type സെമിത്തേരി പണിയുന്നതുമായി ബന്ധപ്പെട്ട് ഇരു വിഭാഗങ്ങൾ തമ്മിലുള്ള തർക്കം കമ്മ്യൂണൽ ഇഷ്യൂ ആയി മാറാതെ പോലീസ് അതിവ ജാഗ്രത പുലർത്തി വന്നിരുന്നതും തർക്ക സ്ഥലത്ത് പോലീസ് പട്രോളിംഗ് നടത്തി വരുന്നതുമാണെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

vi) നിർദ്ദിഷ്ട ശ്മശാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പൊതുജനങ്ങൾ തിങ്ങി കൂടി വസിക്കുന്നതാണെന്നും ടി സ്ഥലം Kerala Conservation of Paddy Land and Wet Land Act 2008 ൽ പ്രവചിച്ചിരിക്കുന്ന ഒരു Paddy Land ആണെന്നും ടി സ്ഥലം പൂക്കോട് പാടശേഖരത്തിന്റെ ഒരു ഭാഗമാണെന്നും പ്രസ്തുത ഏരിയ ചെറിയ ഒരു മഴ പെയ്താൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുന്ന സ്ഥലമാണെന്നും സർക്കാരും ജില്ലാ കളക്ടറും പരാതിക്കാരെ നേരിൽ കേൾക്കാതെയുമാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് ആരോപിയ്ക്കുകയുണ്ടായി. WA No.205/2025 ഫയൽ ചെയ്ത 1-ാം ഹർജിക്കാരന്റെ വീടിന്റെയും കിണറിന്റെയും വളരെ ക്ലോസ് ആയിട്ടുള്ള സ്ഥലത്താണ് സെമിത്തേരിയുടെ സൈറ്റെന്നും സീസണിൽ ടി കിണർ ഓവർഫ്ളോ ചെയ്യുന്നുവെന്നും മറ്റു പല ജലസ്രോതസ്സുകളും ശ്രീ നാരായണ ഗുരുദേവ ജ്ഞാനേശ്വര ക്ഷേത്രത്തിന്റെ തീർത്ഥ കിണർ മുതലായവ ടി സ്ഥലത്തിന് സമീപത്താണെന്നും ടി തീർത്ഥ കിണറിൽ നിന്നാണ് അഭിഷേകം, പൂജ എന്നിവ നടത്തുന്നതിനുള്ള ജലം സംഭരിക്കുന്നതെന്നും സമാന വിഷയത്തിൽ റിട്ട് അപ്പീൽ ഫയൽ ചെയ്ത ഹർജിക്കാരെ നേരിൽ കേൾക്കാതെയാണ് ജില്ലാ കളക്ടറും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് WA No.205/2025 ഫയൽ ചെയ്ത 1-ാം ഹർജിക്കാരൻ അറിയിച്ചു. പ്രസ്തുത സെമിത്തേരിയുടെ നിർമ്മാണം നടത്തുന്നത് പള്ളികെട്ടിടത്തിനും പള്ളിയുടെ ആഡിറ്റോറിയത്തിനും ഇടയിലുള്ള സ്ഥലത്താണെന്നും ടി ഓഡിറ്റോറിയം മറ്റു മതസ്ഥരുടെ വിവാഹം പോലുള്ള ആവശ്യങ്ങൾക്കും വാടകയ്ക്ക് കൊടുക്കാറുണ്ട്. നിർമ്മാണത്തിൽ ഇരിക്കുന്ന സെമിത്തേരിയുടെ ഉദ്ദേശം 15 മീറ്റർ അകലത്തിൽ 2 കിണർ ഉണ്ട്. ഈ കിണറിൽ നിന്നുമാണ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ആവശ്യങ്ങൾക്കുള്ള വെള്ളം എടുക്കുന്നത്. സെമി ത്തേരി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിലമാണ്. ഇത് സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടമായി മാറ്റിയിട്ടുപോലുമില്ല. സെമിത്തേരി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കുഴിയെടുത്ത സ്ഥലത്ത് ഇപ്പോഴും വെള്ളക്കെട്ടുണ്ട്. കടുത്ത വേനലിൽ പോലും ടി സ്ഥലത്ത് ഒരു മീറ്റർ കുഴി എടുത്താൽ വെള്ളക്കെട്ട് ഉള്ള സ്ഥലമാണ്. കൂടാതെ പ്രസ്തുത സെമിത്തേരി നിർമ്മാണം ഹർജിക്കാരുടെ കുടുംബത്തിന് മാനസിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും റിട്ട് അപ്പീലിലെ ഹർജിക്കാർ (അശോകൻ വി.സി, കെ എ സാദാനന്ദൻ, വിനോദ് വി.ജി) അറിയിച്ചു.

vii) പരാതിക്കാരുടെ വീട്ടുകൾ താഴ്ന്ന പ്രദേശത്തിലായതിനാൽ മഴക്കാലത്ത് വെള്ളം കയറുമ്പോൾ സെമിത്തേരിയിൽ നിന്ന് മലിനീകരണ പ്രശ്നങ്ങൾ ഉണ്ടായേക്കാമെന്നാണ് പരാതിക്കാരുടെ പ്രധാന ആശങ്കയെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കാറ്റഗറൈസേഷൻ പ്രകാരം സെമിത്തേരി ORANGE category ൽ ഉൾപ്പെടുന്നതായും ശ്മശാനത്തിന് വീട്ടുകളിൽ നിന്നും കുറഞ്ഞത് 10 മീറ്ററും പൊതുസ്ഥാപനങ്ങളായ സ്കൂൾ, മറ്റ് ആരാധനാലയങ്ങൾ മുതലായവയിൽ നിന്നും കുറഞ്ഞത് 15 മീറ്റർ അകലം പാലിക്കേണ്ടതുമുണ്ട്. നിർദ്ദിഷ്ട ശ്മശാന നിർമ്മിക്കുന്ന സ്ഥലത്ത് നിന്ന് 10 മീറ്ററിനുള്ളിൽ വീട്ടുകളും 15 മീറ്ററിനുള്ളിൽ പൊതു സ്ഥാപനങ്ങളും ഇല്ല. അതിനാൽ സെമിത്തേരി നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ദൂരപരിധി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും, മലിനീകരണ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ബോർഡിന്റെ ദൂരപരിധി പാലിച്ച് ബോർഡ് - അനുശാസിക്കുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ആയ vault type cemetery, HDPE Liner എന്നിവ നൽകേണ്ടതുണ്ട്. ആയതിനാൽ സെമിത്തേരിയിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുവാനുള്ള സംവിധാനങ്ങൾ നിഷ്കർഷിക്കുന്നതിനായി സെമിത്തേരി നിർമ്മാണത്തിന് ബോർഡിന്റെ അനുമതി കരസ്ഥമാക്കേണ്ടതുണ്ട്. 30.04.2025 ലെ കത്ത് പ്രകാരം ബോർഡിന്റെ അനുമതി കരസ്ഥമാക്കുവാൻ St. Marys Town Church ന് ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി അറിയിച്ചു. കൂടാതെ **പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ 60 വോൾട്ടുകൾ അടങ്ങുന്ന കോൺക്രീറ്റ് വോൾട്ട് ടൈപ്പ് സെമിത്തേരിയാണ് നിർമ്മിച്ചിട്ടുള്ളതെന്നും, ടി സെമിത്തേരിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും, വോൾട്ടിന്റെ എല്ലാവശങ്ങളും കോൺക്രീറ്റ് ചെയ്യതായും നിർമ്മാണസമയത്ത് ലീക് പ്രൂഫ് ആക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയതായും അറിയിച്ചു**. ടി വോൾട്ട് സെമിത്തേരി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ദൂരപരിധി മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. സെമിത്തേരിയുടെ പ്രവർത്തനത്തിനു ബോർഡിന്റെ അനുമതി കരസ്ഥമാക്കേണ്ടതുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രതിനിധി അറിയിച്ചു.

**മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്**

1. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ മറ്റൂർ വില്ലേജിലെ റീ-സർവ്വേ 428/5 — ലെ 4 4 ച. മീറ്റർ സ്ഥലത്ത് കോൺക്രീറ്റ് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കാലടി മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ച് വികാരി 19.03.2014 ൽ അപേക്ഷ സമർപ്പിച്ചിരുന്നു.എന്നാൽ ടി ഭൂമി 'നിലം' വിഭാഗത്തിൽപ്പെടുന്നതിനാൽ എറണാകുളം ജില്ലാ കളക്ടറുടെ 19/11/2016 ലെ നടപടിക്രമം പ്രകാരം ശ്മശാന നിർമ്മാണത്തിനായുള്ള അനുമതി നിഷേധിച്ചിരുന്നു.തുടർന്ന് കൊച്ചി സബ് കളക്ടറുടെ 22/11/2019 ലെ നടപടിക്രമം പ്രകാരം സെമിത്തേരി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മറ്റൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 27- ൽ റീസർവ്വേ നമ്പർ 428/5 — ൽപെട്ട 9.40 ആർ ഭൂമി കേരള ഭൂവിനിയോഗ നിയമപ്രകാരം കാർഷികേതര ആവശ്യങ്ങൾക്ക്

ഉപയോഗിക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

2. Pollution control ബോർഡിന്റെ കാറ്റഗറൈസേഷൻ പ്രകാരം സെമിത്തേരി ORANGE category ൽ ഉൾപ്പെടുന്നു. ആയതിന് വീടുകളിൽ നിന്നും കുറഞ്ഞത് 10 മീറ്ററും പൊതുസ്ഥാപനങ്ങളായ സ്കൂൾ, മറ്റ് ആരാധനാലയങ്ങൾ മുതലായവയിൽ നിന്നും കുറഞ്ഞത് 15 മീറ്റർ അകലം പാലിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട സ്ഥലത്ത് നിന്ന് 10 മീറ്ററിനുള്ളിൽ വീടുകളും 15 മീറ്ററിനുള്ളിൽ പൊതു സ്ഥാപനങ്ങളും ഇല്ല. ആയതിനാൽ സെമിത്തേരി നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം ബോർഡിന്റെ ദൂരപരിധി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് കാണുന്നു.
3. വോൾട്ട് ടൈപ്പ് സെമിത്തേരി സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ ഒന്നും തന്നെയില്ല എന്നും ആയതിനാൽ ഫോർട്ട് കൊച്ചി ആർ.ഡി.ഒയുടെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മറ്റൂർ വില്ലേജിലെ റീസർവ്വേ നമ്പർ 428/5 ൽ പ്പെട്ട 9.40 ആർ സ്ഥലത്ത് മറ്റൂർ സെന്റ് മേരീസ് ചർച്ചിന് ഒരു വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി നൽകാവുന്നതാണെന്ന് കാലടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിരിയ്ക്കണമെന്നും, നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വോൾട്ട് ടൈപ്പ് ശ്മശാന നിർമ്മാണത്തിനുള്ള വ്യവസ്ഥകൾ പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിലും, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ടുള്ള അനുമതി ലഭ്യമാക്കിയിരിക്കണമെന്ന വ്യവസ്ഥയിലും, ചട്ടപ്രകാരം 25 മീറ്ററിനുള്ളിൽ ജലസ്രോതസ്സ് പാടില്ല എന്നതിനാലും പൊതു ജനങ്ങൾക്ക് കിണർ ഉപയോഗിക്കുന്നതുമൂലം ഉണ്ടായേക്കാവുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്തും പള്ളികെട്ടിടത്തിനും ശ്മശാന ഭൂമിയുടെ സമീപത്തുമായി സ്ഥിതി ചെയ്യുന്ന ജലസ്രോതസ്സുകൾ/കിണറുകൾ മണ്ണിട്ടു മൂടിയും, ടി വോൾട്ട് ശ്മശാനത്തിന്റെ പ്രവർത്തനത്തിന് യാതൊരു ചട്ട ലംഘനങ്ങളും ഇല്ലെന്ന് ഉറപ്പുവരുത്തിയും വോൾട്ട് ടൈപ്പ് ശ്മശാന നിർമ്മാണത്തിനുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ **<u>അനുബന്ധമായി</u>** ചേർത്തിരിയ്ക്കുന്ന വ്യവസ്ഥകൾ പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിലും ; ജില്ലാ മെഡിക്കൽ ഓഫീസറുടെ നിബന്ധനകൾ പ്രകാരമുള്ള 2.5 മീറ്ററിൽ കുറയാത്ത ചുറ്റുമതിൽ നിർമ്മിച്ച് പൊതുജനങ്ങൾക്ക് മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കാത്ത തരത്തിലും, ടി വോൾട്ട് സെമിത്തേരി പണിയുന്നതുമായി ബന്ധപ്പെട്ട് ഇരു വിഭാഗങ്ങൾ തമ്മിലുള്ള തർക്കം കമ്മ്യൂണൽ ഇഷ്യൂ ആയി മാറാതെ പോലീസ് അതീവ ജാഗ്രത പുലർത്തേണ്ടതുമാണെന്ന വ്യവസ്ഥയിലും എറണാകുളം ജില്ലയിലെ മറ്റൂർ വില്ലേജിലെ റീ - സർവ്വേ 428/5 ലെ 9.40 ആർ സ്ഥലത്തുള്ള മട്ടൂർ സെന്റ് മേരീസ് ടൗൺ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ ലൈസൻസ് നൽകിയ നടപടി ശരിവച്ചുകൊണ്ട് ; ബഹു.ഹൈക്കോടതിയിൽ ഫയൽ

ചെയ്യപ്പെട്ട WP(C) No.20783/2020 & WP(C)No. 21684/2020 കേസുകളിന്മേലുള്ള 16.12.2024 ലെ പൊതുവിധിന്യായത്തിനെതിരായി ഫയൽ ചെയ്ത WA No. 205/2025 നമ്പർ റിട്ട് അപ്പീൽ (അശോകൻ വി.സി മുതൽ പേർ) & WA No. 1157/2025 (ശ്രീനാരായണ ഗുരുദേവ ജ്ഞാനേശ്വര ക്ഷേത്ര കമ്മിറ്റി) എന്നിവയിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 20.05.2025 -ലെ പൊതു വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 07-11-2025 17:38:32

പകർപ്പ്

1. അഡ്വക്കേറ്റ് ജനറൽ , എറണാകുളം( ആമുഖ കത്ത് സഹിതം )
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ജില്ലാ കളക്ടർ, എറണാകുളം
4. ജില്ലാ പോലീസ് മേധാവി,എറണാകുളം റൂറൽ, ആലുവ,എറണാകുളം
5. ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ്, തൃശ്ശൂർ
6. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജില്ലാ ഓഫീസ് എറണാകുളം
7. സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, എറണാകുളം
8. വില്ലേജ് ഓഫീസർ, മാട്ടൂർ വില്ലേജ്, എറണാകുളം
9. വികാരി, കാലടി മറ്റൂർ സെന്റ് മേരീസ് ടൗൺ ചർച്ച്
10. ശ്രീ അശോകൻ വി.സി, വലിയ വീട്ടിൽ ഹൗസ് മാട്ടൂർ, കാലടി, പി.ഒ എറണാകുളം-683574
11. കെ.എ സദാനന്ദൻ, കല്ലാലയിൽ ഹൗസ്, മാട്ടൂർ, കാലടി പി.ഒ. എറണാകുളം-683574
12. വിനോദ് വി ജി വലിയ വീട്ടിൽ ഹയസ് മാട്ടൂർ, കാലടിപി.ഒ. എറണാകുളം -683574
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ) തിരുവനന്തപുരം
14. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
15. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്,ഐ&പിആർഡി
16. കരുതൽ ഫയൽ (ഡി.ബി3/168/2020/എൽ.എസ്.ജി.ഡി)

## അനുബന്ധം

## ജില്ലാ മെഡിക്കൽ ഓഫീസറുടെ വ്യവസ്ഥകൾ

1) അംഗീകരിച്ച പ്ലാൻ അനുസരിച്ച് തന്നെ സെമിത്തേരി നിർമ്മിക്കണം.

2) നിർദ്ദിഷ്ട സ്ഥലത്തിന് ചുറ്റും 2.5 മീറ്ററിൽ കുറയാത്ത ഉയരത്തിൽ ഒരു കോമ്പൗണ്ട് മതിൽ നിർമ്മിക്കുകയും പൂട്ടും താക്കോലും ഉള്ള ഉറപ്പുള്ള സ്റ്റീൽ ഗേറ്റും സ്ഥാപിക്കണം

3) സെമിത്തേരി കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുകയും, പരിസരം വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കുകയും വേണം.

4) രാത്രിയിൽ സെമിത്തേരിയിൽ വെളിച്ചത്തിന്റെ ലഭ്യത ഉറപ്പാക്കണം

5) സെമിത്തേരിയുടെ അതിരുകളിൽ വേഗത്തിൽ വളരുന്നതും അനുയോജ്യമായതുമായ പൂച്ചെടികൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും വേണം. സെമിത്തേരിയുടെ ചുറ്റും പൂന്തോട്ടം സജ്ജീകരിക്കാവുന്നതുമാണ്.

6) സെമിത്തേരിയുടെ സൂക്ഷിപ്പുകാരൻ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും എല്ലാ ശവസംസ്കാരങ്ങളും യഥാസമയം രേഖപ്പെടുത്തുകയും വേണം.

----------------------------------------------